(ബി) പ്രസ്തുത കേന്ദ്രം ആരംഭിക്കാൻ അനുയോജ്യമായ സ്ഥലം സൗജന്യമായി നൽകാൻ തയ്യാറുള്ള ടി പഞ്ചായത്തിൽ ഉടൻ കേന്ദ്രം ആരംഭിക്കാൻ കഴിയുമോ; വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) പ്രസ്തുത പ്രദേശത്ത് ഇതിനായി സർവ്വകലാശാലയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്കും ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് മാത്രമേ ടി കേന്ദ്രം ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

ഇ-മിസ്സ് പദ്ധതി

180 (3016) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽ ഇ-മിസ്സ് (ഇലക്ട്രോണിക്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽകരണത്തിനായി ആകെ അനുവദിച്ചതും നാളിതുവരെയായി ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്നതുമായ തുകകൾ എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രഖ്യാപനം നടത്തിയിട്ടില്ല. സ്റ്റേഷനറി വകുപ്പിൽ സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച ഒരു സിസ്റ്റമാണ് ഇത്. ഈ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലൂടെ സ്റ്റേഷനറി സാധനങ്ങളുടെ സംഭരണവും വിതരണവും കുറ്റമറ്റതാക്കുക എന്നതാണ് ലക്ഷ്യം. ഇത് 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. ചെലവഴിക്കാത്ത തുകകൾ അതാത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ട്.

സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

181 (3017) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ പ്രസ്സുകളുടെ ആധുനികവത്കരണത്തിനായി അനുവദിച്ച തുക എത്ര കോടിയാണ്; ആധുനികവത്കരണ നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly